# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | പ്രധാനവാർത്തകൾ | **DATE: 14.07.2026**

1. ബഹിരാകാശത്തെത്തുന്ന ആദ്യ മലയാളി എന്ന നേട്ടം കൈവരിക്കാൻ ഒരുങ്ങി നാസയിലെ ബഹിരാകാശ യാത്രികൻ അനിൽ മേനോൻ. എട്ട് മാസത്തെ ദൗത്യത്തിനായി മൂന്നംഗ സംഘം ഇന്ന് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് തിരിക്കും.

2. അർപ്പണബോധത്തോടെ കഠിനധ്വാനം ചെയ്ത് മുന്നോട്ട് പോകണമെന്ന് വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്ത് മുഖ്യമന്ത്രി വി. ഡി. സതീശൻ. 'ലിറ്റിൽ കൈറ്റ്സ്' ഐടി ക്ലബ്ബുകൾക്കുള്ള പുരസ്കാരങ്ങൾ മുഖ്യമന്ത്രി തിരുവനന്തപുരത്ത് സമ്മാനിച്ചു.

3. ലഹരിക്ക് അടിമപ്പെട്ടുപോയവരെ തിരികെ ജീവിതത്തിലേക്ക് മടക്കികൊണ്ടുവരിക എന്നതാണ് ഓപ്പറേഷൻ തൂഫാന്റെ പ്രധാന ലക്ഷ്യമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല.

4. വിയറ്റ്നാമിലുണ്ടായ ബോട്ട് അപകടത്തിൽ മരിച്ച രണ്ട് മലയാളികളുടെ മൃതദേഹങ്ങൾ സ്വന്തം നാടായ കൊട്ടാരക്കരയിൽ എത്തിച്ചു. സംസ്കാരം നാളെ.

5. പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷം. ഇറാനിൽ ആക്രമണം ശക്തമാക്കി അമേരിക്ക. ഹോർമുസ് കടലിടുക്കിൽ കപ്പൽ ഗതാഗതം തടസപ്പെട്ടു.

6. ലോകകപ്പ് ഫുട്ബോൾ സെമി മത്സരങ്ങൾക്ക് നാളെ തുടക്കം. ആദ്യ പോരാട്ടം ഫ്രാൻസും - സ്പെയ്നും തമ്മിൽ.

&&&&&&&&&&&&&&&&

RNU TVPM

## അനിൽ മേനോൻ

ബഹിരാകാശത്തെത്തുന്ന ആദ്യ മലയാളി എന്ന നേട്ടം കൈവരിക്കാൻ ഒരുങ്ങി നാസയിലെ ബഹിരാകാശ യാത്രികൻ അനിൽ മേനോൻ. ഇന്ത്യൻ വംശജനായ അനിൽ മേനോൻ ഉൾപ്പെട്ട മൂന്നംഗ സംഘം എട്ട് മാസം നീണ്ടുനിൽക്കുന്ന ദൗത്യത്തിനായി ഇന്ന് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് തിരിക്കും. കസഖ്സ്ഥാനിലെ ബൈക്കനൂർ കോസ്മോ ഡ്രോമിൽനിന്ന് റോസ്കോസ്മോസ് സോയൂസ് എംഎസ്-29 ദൗത്യത്തിന്റെ ഭാഗമായാണ് യാത്ര. ഇന്ത്യൻ സമയം രാത്രി 8:17-നാണ് വിക്ഷേപണം. റഷ്യൻ ബഹിരാകാശ യാത്രികരായ പ്യോത്തർ ഡുബ്രോവ്, അന്ന കിക്കിന എന്നിവർക്ക് ഒപ്പമാണ് യാത്ര. ബുധനാഴ്ച പുലർച്ചെ 1:25-ഓടെ യാത്രികർ ബഹിരാകാശ നിലയത്തിനുള്ളിലേക്ക് പ്രവേശിക്കും.

**********************************

## വിയറ്റ്നാം ബോട്ടപകടം

വിയറ്റ്നാമിലുണ്ടായ ബോട്ട് അപകടത്തിൽ മരിച്ച മലയാളികളായ എ.സി തോമസ്, ഭാര്യ ലൗവ്നി തോമസ് എന്നിവരുടെ മൃതദേഹങ്ങൾ സ്വന്തം നാടായ കൊട്ടാരക്കരയിൽ എത്തിച്ചു. വിയറ്റ്നാമിൽ നിന്ന് ഇന്നലെ മുംബൈയിൽ എത്തിച്ച മൃതദേഹങ്ങൾ ഇന്ന് രാവിലെയാണ് തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിച്ചത്. മന്ത്രിമാരായ പി സി വിഷ്ണുനാഥ്, സി പി ജോൺ, കൊടിക്കുന്നിൽ സുരേഷ് എം പി എന്നിവർ മൃതദേഹം ഏറ്റുവാങ്ങി. തുടർന്ന് കൊട്ടാരക്കരയിലേക്ക് കൊണ്ടു പോവുകയായിരുന്നു. സംസ്കാരം നാളെ കൊട്ടാരക്കര മാർത്തോമ്മ പള്ളിയിൽ നടക്കും.

**********************************

RNU TVPM

## വി ഡി സതീശൻ (ഇൻട്രോ)

അർപ്പണബോധത്തോടെ കഠിനധ്വാനം ചെയ്ത് മുന്നോട്ട് പോകണമെന്ന് വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്ത് മുഖ്യമന്ത്രി വി. ഡി. സതീശൻ. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 'ലിറ്റിൽ കൈറ്റ്സ്' ഐടി ക്ലബ്ബുകളുടെ സംസ്ഥാന-ജില്ലാതല പുരസ്കാരങ്ങൾ തിരുവനന്തപുരത്ത് സമ്മാനിക്കുകയായിരുന്നു അദ്ദേഹം. വിജ്ഞാനത്തിന്റെ വലിയ ലോകമാണ് മുന്നിലുള്ളതെന്നും അത് പ്രയോജനപ്പെടുത്താൻ വിദ്യാർത്ഥികൾ തയ്യാറാകണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്.......)

കേരള നിയമസഭ സമുച്ചയത്തിലെ ആർ ശങ്കരനാരായണൻ തമ്പി ഹാളിൽ നടന്ന ചടങ്ങിൽ മന്ത്രി എൻ ഷംസുദ്ദീൻ അധ്യക്ഷത വഹിച്ചു. സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ മുഖ്യാതിഥിയായി. എഐ ലിറ്ററസി, റോബോട്ടിക് പരിശീലനം തുടങ്ങിയ മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച വിദ്യാലയങ്ങൾക്കാണ് പുരസ്കാരങ്ങൾ വിതരണം ചെയ്തത്.
**********************************

RNUTVPM

## കോട്ടയം - ഓപ്പറേഷൻ തൂഫാൻ

ലഹരിക്ക് അടിമപ്പെട്ടുപോയവരെ തിരികെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരിക എന്നതാണ് ഓപ്പറേഷൻ തൂഫാന്റെ പ്രധാന ലക്ഷ്യമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. 'ഓപ്പറേഷൻ തൂഫാന്റെ മധ്യതിരുവിതാംകൂർ മേഖലാ ഉദ്ഘാടനം കോട്ടയത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. ലഹരി കടത്തുമായി ബന്ധപ്പെട്ടവരെ അറസ്റ്റ് ചെയ്ത് ജയിലുകൾ നിറയ്ക്കുക എന്നതല്ല ഈ ദൗത്യം കൊണ്ട് ഉദ്ദേശിക്കുന്നതെന്നും മറിച്ച് ലഹരിവ്യാപനം പൂർണ്ണമായും ഇല്ലാതാക്കുകയാണ് ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി.

**********************************

## ഓപ്പറേഷൻ തൂഫാൻ - യോഗം

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി വിദ്യാർത്ഥി-യുവജന സംഘടനകളുടെ യോഗം നാളെ തിരുവനന്തപുരത്ത് ചേരും. ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല വിളിച്ചു ചേർക്കുന്ന യോഗത്തിൽ വിദ്യാഭ്യാസ മന്ത്രി എൻ ഷംസുദ്ധീൻ പങ്കെടുക്കും. ലഹരിയ്ക്കെതിരെയുള്ള പോരാട്ടത്തിൽ വിദ്യാർത്ഥി യുവജന സംഘടനകളുടെ സജീവ പങ്കാളിത്തം ഉറപ്പ് വരുത്താനുള്ള ചർച്ചകൾ നടക്കും.
**********************************

## നെന്മാറ ഇരട്ടക്കൊല

പാലക്കാട്, നെന്മാറ ഇരട്ടക്കൊലക്കേസിൽ പ്രതിയായ പോത്തുണ്ടി തിരുത്തംപാടം സ്വദേശി ചെന്താമരയുടെ ശിക്ഷാവിധി നാളെ പ്രഖ്യാപിക്കും. ചെന്താമര കുറ്റക്കാരനെന്ന് പാലക്കാട് അഡീഷണൽ സെഷൻസ് കോടതി ഇന്നലെ വിധിച്ചിരുന്നു. 2025 ജനുവരി 27 ന് തിരുത്തംപാടത്തെ സുധാകരൻ, അമ്മ ലക്ഷ്മി എന്നിവരെ കൊലപ്പെടുത്തിയതാണ് കേസ്.
**********************************

## റിജിജു - ദോഹ

ഖത്തർ മുൻ അമീർ ഷെയ്ഖ് ഹമദ് ബിൻ ഖലീഫ അൽ-താനിയുടെ മരണത്തിൽ അനുശോചനം അറിയിക്കാൻ ഇന്ത്യയെ പ്രതിനിധീകരിച്ച് കേന്ദ്രമന്ത്രി കിരൺ റിജിജു ദോഹയിലേക്ക് യാത്ര തിരിച്ചു. ഇന്ത്യ-ഖത്തർ ബന്ധം ശക്തിപ്പെടുത്തുന്നതിൽ ഷെയ്ഖ് ഹമദ് ബിൻ ഖലീഫ അൽതാനി നൽകിയ വിലമതിക്കാനാകാത്ത സംഭാവനകൾ

RNU TVPM

എക്കാലവും സ്മരിക്കപ്പെടുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.
*********************************

## കണ്ണൂർ - ചികിത്സാ പിഴവ്

കണ്ണൂർ പയ്യന്നൂരിലെ ഒന്നര വയസുകാരന്റെ മരണത്തിൽ ആരോപണം നേരിടുന്ന സ്വകാര്യ ആശുപതിയിലെ രണ്ട് ഡോക്ടർമാരുടെ മൊഴി രേഖപ്പെടുത്തി. ഡോക്ടർമാരായ ആശ, ആരതി അന്തർജനം എന്നിവരുടെ മൊഴിയാണ് രേഖപ്പെടുത്തിയത്. കുട്ടിക്ക് അനസ്തേഷ്യ നൽകിയ ഡോക്ടറിനെയും ചോദ്യം ചെയ്യും. പൊലീസ് റിപ്പോർട്ട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് കൈമാറി. അതേസമയം കുട്ടിയുടെ വീട് ഇന്ന് സംസ്ഥാന ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ സന്ദർശിക്കും.
*********************************

RNU TVPM

## സുഗതൻ സത്യപ്രതിജ്ഞ

ഹൈകോടതി ഉത്തരവിനെ തുടർന്ന്, തിരുവനന്തപുരം കോർപറേഷനിലെ ബി.ജെ.പി കൗൺസിലർ ആർ.സുഗതൻ വിയ്യൂർ സെൻട്രൽ ജയിലിൽ സത്യപ്രതിജ്ഞ ചെയ്തു. മേയർ വി വി രാജേഷ് സത്യവാചകം ചൊല്ലിക്കൊടുത്തു. കാപ്പ കേസിൽ പ്രതിയായതിനാൽ ജയിലിൽ നിന്നും പുറത്തു വിടാനാകാത്ത സാഹചര്യമാണെന്നും ജയിലിൽ സത്യപ്രതിജ്ഞ നടത്താമെന്നും സർക്കാർ ഹൈകോടതിയിൽ അറിയിച്ചതിനെത്തുടർന്നാണ് കോടതി ഉത്തരവ്. അതേസമയം, തിരുവനന്തപുരം നഗരസഭയിലെ ഒരു BJP കൗൺസിലറും അയോഗ്യരാവില്ലെന്നു മേയർ പറഞ്ഞു.
*********************************

## ലോകകപ്പ് ഫുട്ബോൾ (ഇൻട്രോ)

ലോകകപ്പ് ഫുട്ബോൾ സെമി മത്സരങ്ങൾക്ക് നാളെ തുടക്കം. ആദ്യ സെമിയിൽ ഫ്രാൻസ് - സ്പെയിനിനെ നേരിടും. മറ്റന്നാൾ നടക്കുന്ന സെമി പോരാട്ടത്തിൽ അർജന്റീന - ഇംഗ്ലണ്ടുമായി ഏറ്റുമുട്ടും. ഈ മാസം 20 നാണ് ഫൈനൽ.

**ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയിസ്)

**********************************

## ഇന്ത്യ-ഇംഗ്ലണ്ട് ഏകദിന ക്രിക്കറ്റ്

ഇന്ത്യ-ഇംഗ്ലണ്ട് പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന്. ഇന്ത്യൻ സമയം വൈകുന്നേരം 3.30ന് ബിർമിംഗ്ഹാമിലാണ് മത്സരം. മൂന്ന് മത്സരങ്ങളടങ്ങിയതാണ് പരമ്പര.

**********************************

PNU TVPM

## യുഎസ്-ഇറാൻ സംഘർഷം

പശ്ചിമേഷ്യയിൽ വീണ്ടും സംഘർഷം രൂക്ഷമാകുന്നു. ഹോർമുസ് കടലിടുക്കിൽ യുഎഇയുടെ രണ്ട് കപ്പലുകൾക്ക് നേരെ ഇറാൻ നടത്തിയ ആക്രമണത്തിൽ ഒരു ഇന്ത്യക്കാരൻ മരിക്കുകയും ആറ് പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ആക്രമണത്തെ യുഎഇ പ്രതിരോധ മന്ത്രാലയം അപലപിച്ചു. ഇതിനെത്തുടർന്ന് ഈ മേഖലയിലൂടെയുള്ള കപ്പൽ ഗതാഗതം തടസപ്പെട്ടു. ഇറാനിലെ അബു മൂസ, ചാഹ്ബാർ, കൊണാർക്ക് തുടങ്ങിയവയ്ക്ക് ചുറ്റുമുള്ള പ്രദേശങ്ങൾ ആക്രമിച്ചതായി യുഎസ് സൈന്യത്തിന്റെ സെൻട്രൽ കമാൻഡ് അറിയിച്ചു. ഹോർമുസ് കടലിടുക്കിൽ ഇറാനിയൻ

കപ്പലുകൾക്ക് അമേരിക്ക വീണ്ടും ഉപരോധവും ഏർപ്പെടുത്തിയിട്ടുണ്ട്.
**********************************

## ഇടുക്കി മരച്ചുവട് വെള്ളച്ചാട്ടം (ഇൻട്രോ)

പച്ചപ്പിന് നടുവിൽ ദൃശ്യവിരുന്നൊരുക്കി ഇടുക്കി സേനാപതിയിലെ മരച്ചുവട് വെള്ളച്ചാട്ടം സഞ്ചാരികളുടെ ശ്രദ്ധയാകർഷിക്കുന്നു. പ്രകൃതിഭംഗി തുളുമ്പുന്ന ഈ പ്രദേശം സിനിമക്കാരുടെ പ്രിയപ്പെട്ട ലൊക്കേഷനുകളിലൊന്നായി മാറിക്കഴിഞ്ഞു. അപകടസാധ്യതകൾ ഇല്ലാത്തതിനാൽ തദ്ദേശീയരടക്കം നിരവധി സഞ്ചാരികളാണ് ദിവസേന ഇവിടെയെത്തുന്നത്.
**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

RNU TVPM

**********************************

## എൻ എസ് ഐസക്, ഡിഡിജി

ആകാശവാണി മുൻ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ N.S. ഐസക് അന്തരിച്ചു. 79 വയസ്സായിരുന്നു. രോഗബാധിതനായി ചികിത്സയിലിരിക്കെ ഇന്നലെ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. തിരുവനന്തപുരം, കൊച്ചി, കണ്ണൂർ, പോണ്ടിച്ചേരി ആകാശവാണി നിലയങ്ങളിൽ ഡയറക്ടർ ആയിരുന്നു. ആകാശവാണിയിൽ ട്രാൻസ്മിഷൻ എക്സിക്യൂട്ടീവ് ആയാണ് അദ്ദേഹം ജോലിയിൽ പ്രവേശിച്ചത്. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് 2.30ന് പാളയം CSI Christ Church സെമിത്തേരിയിൽ നടക്കും.
**********************************

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്തി'ന്റെ 136-ാം പതിപ്പ് ഈ മാസം 26-ന്. പരിപാടിയിലേക്കുള്ള ആശയങ്ങളും നിർദേശങ്ങളും NaMo App, MyGov എന്നിവയിലൂടെയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും പങ്കുവയ്ക്കാം. നിർദേശങ്ങൾ ഈ മാസം 24 വരെ സ്വീകരിക്കും.

*

***************

*****************************************************

RNU TVPM